## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 639

05.06.2018 ൽ മറുപടിക്ക്

## ഗയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ . ബഷീർ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ ഏഴുജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 438 കിലോമീറ്ററാണ്. ഇതിൽ 403 കിലോമീറ്റർ കേരളത്തിലൂടെ കടന്നുപോകുന്നു. പ്രസ്തുത സ്ഥലത്തിന്റെ 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് ഉപയോഗാവകാശം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. കേരളത്തിലൊട്ടുക്കും ഇതുവരെ 333 കിലോമീറ്റർ പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയാക്കിക്കഴിഞ്ഞു. ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ രണ്ടുഘട്ടങ്ങളിലായാണ് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്.<br>**1.** കൊച്ചിയിൽ നിന്നും പാലക്കാട് ജില്ലയിലെ കൂറ്റനാട് വരെ 2018 ജൂൺ 30 നകം കമ്മീഷൻ ചെയ്യാനും ,<br>**2.** കൂറ്റനാട് നിന്നും മംഗലാപുരം വരെയുള്ള പൈപ്പ് ലൈൻ 2018 ഒക്ടോബർ 31 നകം കമ്മീഷൻ ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഏതൊക്കെ ജില്ലകളിൽ ഇതിനകം പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി; ഇനി ഏതൊക്കെ ജില്ലകളിൽ | (ബി) | കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴു ജില്ലകളിലൂടെയാണ് |

| | | | |
|---|---|---|---|
| | സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനുണ്ട്; | | ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ ഏഴു ജില്ലകളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത് ഉപയോഗാവകാശം ഗെയിലിന് കൈമാറിയിട്ടുണ്ട്. |
| (സി) | എത്ര തുക ഇതിനകം നഷ്ടപരിഹാരമായി വിതരണം ചെയ്തു; ഇനി എത്ര തുക വിതരണം ചെയ്യാനായി ബാക്കിയുണ്ട്; | (സി) | ഭൂമിക്കും വിളകൾക്കും ചമയങ്ങൾക്കും കൂടി ഏകദേശം 350 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. നാളിതുവരെ ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും ഭൂമിയുടെ വിലയായും 176 കോടി രൂപ പാസ്സാക്കിയിട്ടുണ്ട്. ഇതിൽ 137 കോടി രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നല്കിക്കഴിഞ്ഞു. |
| (ഡി) | പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ഡി) | 1962 ലെ പി & എം പി ആക്റ്റ് & 1963 ലെ ചട്ടങ്ങളും പ്രകാരമാണ് ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിനു വേണ്ടി പൈപ്പ് സ്ഥാപിക്കുന്നതിനായി സ്ഥലത്തിന്റെ ഉപയോഗാവകാശം (Right to Use) ഏറ്റെടുക്കുന്നത്. സ്ഥലമേറ്റെടുക്കുന്നതും നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതും സംസ്ഥാനസർക്കാരിന്റെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള കോംപീറ്റന്റ് അതോറിറ്റിയാണ് . 1962 ലെ ആക്റ്റ് പ്രകാരം 3 (1), 6(1) പ്രകാരം ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കിയതിനു ശേഷമാണ് ഭൂമി ഏറ്റെടുക്കുന്നത്.<br>ഉപയോഗാവകാശം ഏറ്റെടുത്തിട്ടുള്ള ഭൂമിക്ക് പ്രധാനമായും രണ്ടു തരത്തിലുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്.<br>1. ചമയങ്ങൾക്കും വിളകൾക്കുമുള്ള നഷ്ടപരിഹാരം<br>2. ഭൂമിക്ക് നൽകുന്ന നഷ്ടപരിഹാരം.<br>കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേയ്ക്കായി പി & എം പി ആക്റ്റ് & റൂൾ 4 പ്രകാരം കോംപീറ്റന്റ് |

| | | | |
|---|---|---|---|
| | | | അതോറിറ്റി സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റ്, കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് . റബ്ബർ ബോർഡ് , കാർഷിക വിള ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങി വിവിധ സർക്കാർ ഏജൻസികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വില വിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ കേരള സർക്കാർ ഉത്തരവിൻ പ്രകാരം നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകി വരുന്നു.<br>ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം പി ആക്റ്റ് 1962 സെക്ഷൻ 10 (4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10 % നൽകേണ്ടതാണ്. മാർക്കറ്റ് വില ന്യായവിലയുടെ 10 ഇരട്ടിയായി നിശ്ചയിച്ച് കേരള സർക്കാർ ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100% ന്യായവിലയും നൽകിവരുന്നു. കൂടാതെ, 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ, അവരുടെ ഉടമസ്ഥതയിൽ മറ്റു ഭൂമിയൊന്നുമില്ലെങ്കിൽ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസധനമായി നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതാണ്. |
| **(ഇ)** | മലപ്പുറം ജില്ലയിൽ പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്; ആയതിന്റെ അലൈൻ മെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; | **(ഇ)** | മലപ്പുറം ജില്ലയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങൾ താഴെകൊടുക്കുന്നു.<br>**1.** എടയൂർ - വടക്കുപ്രം **2.** മേൽമുറി **3.** പൊന്മുള – ബ്ലോക്ക് 41 , **4.** പൊന്മുള – ബ്ലോക്ക് 42. **5.** കോഡൂർ 1 – ബ്ലോക്ക് 87 **6.** കോഡൂർ 2 **7.** മലപ്പുറം - പാണക്കാട് **8.** |

| | | | |
|---|---|---|---|
| | | | മേൽമുറി **9.** പൂക്കോട്ടൂർ - ബ്ലോക്ക് 54, **10.** പൂക്കോട്ടൂർ - ബ്ലോക്ക് 55, **11.** പൂക്കോട്ടൂർ - നറുകര, **12.** പുൽപ്പറ്റ – ബ്ലോക്ക് 60 **13.** പുൽപ്പറ്റ – ബ്ലോക്ക് 59 **14.** കാവനൂർ - ബ്ലോക്ക് 29, **15.** കാവനൂർ - ബ്ലോക്ക് 30, **16.** അരീക്കോട് - ബ്ലോക്ക് 31, **17.** അരീക്കോട് - ബ്ലോക്ക് 32, **18.** കീഴ്പ്പറമ്പ - ബ്ലോക്ക് 20, **19.** കീഴ്പ്പറമ്പ - ബ്ലോക്ക് 21 അയതിന്റെ അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| **(എഫ്)** | പദ്ധതിക്കെതിരെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഉയർന്നു വരുന്ന ശക്തമായ ജനരോഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കടന്നു പോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | **(എഫ്)** | പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ പദ്ധതിക്കെതിരെ പ്രതിഷേധം നിലനിന്നിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പ്രതിഷേധങ്ങളെ മറികടക്കുവാനും സാധിച്ചു.<br>നഷ്ട പരിഹാരം തീരെകുറഞ്ഞുപോയെന്ന പരാതി ഉയർന്നപ്പോൾ സംസ്ഥാന സർക്കാർ അത് പുന : പരിശോധിക്കുകയും 01.12.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം ഉയർത്തിക്കൊണ്ടുള്ള പുതുക്കിയ പാക്കേജ് പ്രഖ്യാപിച്ചു. ഇത് ഭൂവുടമകൾക്ക് ഇടയിൽ പദ്ധതിക്കനുകൂലമായി വളരെ നല്ല പ്രതികരണമാണ് ഉളവാക്കിയത്.<br>ഇതിനു പുറമെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഭൂവുടമകളുടെ ആശങ്കകൾ ദൂരീകരിക്കാൻ ഗെയിൽ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കുമിടയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി പ്രവർത്തിക്കാൻ പോലീസ് ഉദ്യോഗസ്ഥരുടെ കർമ്മസേന രൂപീകരിച്ചു. ഈ പോലീസ് ഉദ്യോഗസ്ഥരുടെ കർമ്മ സേന 5 പേർ വീതമുള്ള ഓരോ ഗ്രൂപ്പുകളായി തിരിഞ്ഞ് പദ്ധതി പ്രദേശത്തെ ജനങ്ങളെ നേരിൽക്കണ്ട് അവരുടെ ആശങ്കകൾ |

| | | | |
|---|---|---|---|
| | | | അകറ്റുകയും, ലഭിക്കുന്ന നഷ്ടപരിഹാരത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യും. ഇതിനുപുറമെ, പ്രകൃതി വാതകത്തിന്റെ സുരക്ഷയെപ്പറ്റിയും ഗുണഫലങ്ങളെക്കുറിച്ചും പി & എം പി ആക്ടിനെക്കുറിച്ചും അലൈൻമെന്റിനെക്കുറിച്ചും ഇവർ ജനങ്ങളെ ബോധവൽക്കരിക്കുന്നു. ഈ കർമ്മസേനയുടെ പ്രവർത്തനം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പൈപ്പ് ലൈൻ പദ്ധതിയുടെ ഗുണങ്ങൾ സംസ്ഥാനത്തിന്റെ പുരോഗതിയെ സ്വാധീനിക്കുമെന്നും വിശദീകരിച്ചു വരുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ**